LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) ബഡ്ജറ്റുമായി ബന്ധപ്പെട്ട് വേണ്ടെന്നുവച്ച നികുതി നിർദ്ദേശങ്ങളും പിന്നീട് ലഘൂകരിച്ചവയും അനുബന്ധമായി ചേർക്കുന്നു.*

ബഡ്ജറ്റിൽ എസ്റ്റിമേറ്റ് ചെയ്ത വരവ് ചെലവ് തുക

180 (526) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാരിന്റെ കാലയളവിലെ ഓരോ സാമ്പത്തിക വർഷവും താഴെപ്പറയുന്ന ഇനങ്ങളിലെ ബഡ്ജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ വരവും എത്രയാണെന്നു വിശദമാക്കാമോ ; A. ടാക്സ് ഓൺ ഇൻകം ആന്റ് എക്സ്പെന്റിച്ചർ 1. ടാക്സ് ഓൺ അഗ്രികൾച്ചർ ഇൻകം B. ടാക്സസ് ഓൺ പ്രോപ്പർട്ടി ആൻറ് ക്യാപിറ്റൽ ട്രാൻസാക്ഷൻസ് 1. ലാന്റ് റവന്യൂ 2. സ്റ്റാമ്പ് ആന്റ് രജിസ്ട്രേഷൻ 3. പ്രോപ്പർട്ടി ഇതര മറ്റ് നികുതികൾ C. ടാക്സ് ഓൺ കമ്മോഡിറ്റീസ് ആന്റ് സർവ്വീസസ് 1. സ്റ്റേറ്റ് എക്സൈസ് 2. സെയിൽ ടാക്സ് ആന്റ് വാറ്റ് 3. ടാക്സസ് ഓൺ വെഹിക്കിൾസ് 4. ടാക്സസ് ഓൺ ഗുഡ്സ് ആന്റ് പാസഞ്ചേഴ്സ് 5. ടാക്സസ് ഓൺ ഡ്യൂട്ടീസ് ആന്റ് ഇലക്ട്രിസിറ്റി 6. മറ്റ് ടാക്സസ് ആന്റ് ഡ്യൂട്ടീസ് ഓരോ വർഷവും മേൽപ്പറഞ്ഞവ ലക്ഷ്യമിട്ടതിന്റെ എത്ര ശതമാനം ലഭിച്ചു ; എത്ര ശതമാനം കുറവുണ്ടായി ?

ഉത്തരം

ഈ സർക്കാരിന്റെ കാലയളവിലെ ഓരോ സാമ്പത്തിക വർഷവും സംസ്ഥാന തനത് നികുതിയിനങ്ങളിൽ പ്രതീക്ഷിച്ച തുകയുടെയും യഥാർത്ഥത്തിൽ ലഭിച്ച തുകയുടെയും അതിന്റെ ശതമാന കണക്കും അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും നടപ്പിലാക്കാൻ കഴിയാത്തതുമായ പ്രോജക്ടുകൾ

181 (527) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അവതരിപ്പിച്ച ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചതും നടപ്പിലാക്കാൻ കഴിയാത്തതുമായ പ്രധാനപ്പെട്ട പ്രോജക്ടുകൾ ഏതൊക്കെയാണ് ; വിശദാംശം നൽകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ വികസനവും ക്ഷേമവും ലക്ഷ്യമാക്കി നിരവധി പദ്ധതികൾ ബഡ്ജറ്റുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രഖ്യാപിച്ച പദ്ധതികളിൽ മിക്കവയും നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും പല പദ്ധതികളും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് ചില പദ്ധതികളുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയാണ്. എന്നാൽ നാളിതുവരെ യാതൊരു നടപടികളും സ്വീകരിക്കാത്ത പദ്ധതികളുമുണ്ട്. അത്തരത്തിലുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി കാണിച്ചിരിക്കുന്നു.*

വിരമിക്കുന്ന സർക്കാർ ജീവനക്കാരുടെ ആനുകൂല്യം നൽകൽ

182 (528) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും എണ്ണം വ്യക്തമാക്കാമോ ;

(ബി) ഇവരിൽ 2015, 2016 സാമ്പത്തിക വർഷങ്ങളിൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാരും അധ്യാപകരും എത്രയെന്നു ലഭ്യമാക്കാമോ ;

(സി) വിരമിക്കുന്ന ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷൻ കമ്മ്യൂട്ടേഷൻ ഉൾപ്പെടെ എല്ലാ ആനുകൂല്യങ്ങളും നല്കുന്നതിന് 2015, 2016 വർഷങ്ങളിൽ ആവശ്യമായി വരുന്ന ശരാശരി തുക വ്യക്തമാക്കാമോ ?

ഉത്തരം

(എ) SPARK Data base-ലെ 3-3-2015-ലെ കണക്കുകൾ അനുസരിച്ച് ആകെ ജീവനക്കാരുടെ എണ്ണം 484498 (നാലു ലക്ഷത്തി എൺപത്തി നാലായിരത്തി നാനൂറ്റി തൊണ്ണൂറ്റി എട്ട് മാത്രം) ആണ്.

(ബി) ഇവരിൽ 2015-2016 സാമ്പത്തിക വർഷങ്ങളിൽ സർവ്വീസിൽനിന്നും വിരമിക്കുന്ന ജീവനക്കാരുടെയും അധ്യാപകരുടെയും എണ്ണം താഴെ സൂചിപ്പിക്കും പ്രകാരമാണ് :

2015 - 25819

2016 - 20045

(സി) 2015-2016 സാമ്പത്തിക വർഷങ്ങളിൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷൻ കമ്മ്യൂട്ടേഷൻ ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും നൽകുന്നതിനുള്ള ശരാശരി തുക കണക്കാക്കപ്പെട്ടിട്ടില്ല

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.